അനധികൃത മദ്യ വില്പന തടയുന്നതിന് നടപടി

32 (4071) ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണവും ശബരിമല സീസണും അടുത്തുവരുന്ന സാഹചര്യത്തിൽ അനധികൃത മദ്യ ഉല്പാദനവും വില്പനയും തടയുന്നതിന് എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി പോലിസ്, റവന്യൂ, വനം വില്പനനികുതി വകുപ്പുകളുടെ സഹകരണം ആരായാൻ സർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സന്നദ്ധ സംഘടനങ്ങളുടെ സഹായത്തോടുകൂടി മദ്യ വിരുദ്ധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തദ്ദേശ ഭരണ സമിതികളുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വ്യാജ മദ്യ ഉല്പാദനവും വിതരണവും തടയുന്നതിനായി സർക്കാർ കർശനമായ നടപടികൾ എടുത്തു വരുന്നു. വ്യാജമദ്യത്തിന്റെ കടത്ത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയിഡുകൾ നടത്തി വരുന്നു. കൂടാതെ വ്യാജമദ്യ നിർമ്മാണവും വിതരണവും തടയുന്നതിനായി ഒരു പന്ത്രണ്ടിന പരിപാടിക്ക് രൂപം നൽകി സമയബന്ധിതമായി നടപ്പാക്കി വരുന്നു. ശബരിമല തീർത്ഥാടന കാലത്ത് പത്തനംതിട്ട ജില്ലയിലും കോട്ടയം ജില്ലയിലും എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഈ വകുപ്പുകളുടെ സഹായത്തോടുകൂടി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഇപ്പോൾ റെയിഡുകൾ നടത്തുന്നുണ്ട്.

(സി) സന്നദ്ധ സംഘടനക്കൾക്ക് ധനസഹായം നല്കി ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഇത്തരത്തിൽ ഒരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

ലേലം ചെയ്യുന്ന സ്പിരിറ്റിന്റെ ദുർവിനിയോഗം

33 (4072) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ലിറ്റർ വ്യാജ സ്പിരിറ്റ് പിടിച്ചെടുത്തു എന്നും ഏതൊക്കെ ജില്ലയിൽ നിന്ന് എത്ര ലിറ്റർ വീതം എത്ര പ്രാവശ്യമായാണ് പിടിച്ചെടുത്തതെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly